ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 28.08.2025 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജപ്പാൻ, ചൈന സന്ദർശനങ്ങൾക്ക് ഇന്ന് തുടക്കമാകും. നാളെ നടക്കുന്ന 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.

   **Prime Minister Narendra Modi's visits to Japan and China will begin today. The Prime Minister will attend the 15th India-Japan Annual Summit tomorrow.**

2. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമാണെന്നും അധിക തീരുവ അടക്കമുള്ള സമ്മർദ്ദങ്ങൾക്ക് രാജ്യം വഴങ്ങില്ലെന്നും വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ്.

   **Minister of State for External Affairs Kirti Vardhan Singh said that the Indian economy is strong and the country will not succumb to pressures including additional tariffs.**

3. ന്യൂനപക്ഷ മത്സ്യത്തൊഴിലാളി സമൂഹത്തെ ശാക്തീകരിക്കാൻ ലക്ഷ്യമിട്ടുള്ള മത്സ്യശക്തി പദ്ധതി കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

   **Union Minister of State George Kurien will inaugurate the Matsyashakti scheme, which aims to empower the minority fishing community, in Thiruvananthapuram today.**

4. ഭൂപതിവ് നിയമ ഭേദഗതി ചട്ടങ്ങൾക്ക് കേരള മന്ത്രിസഭ അംഗീകാരം നൽകിയതോടെ മലയോര ജനതയുടെ ഭൂ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാവുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Chief Minister Pinarayi Vijayan said that, with the approval of the Land Registry Amendment Act, the land related issues of the people will be resolved permanently.**

5. നവോത്ഥാന നായകൻ മഹാത്മാ അയ്യൻകാളിയുടെ 162-ാം ജന്മദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തിന്ന് വിപുലമായ ആഘോഷപരിപാടികൾ.

**Kerala to celebrate the 162nd birth anniversary of Mahatma Ayyankali today.**

6. ലോക ബാഡ്മിൻറൺ ചാമ്പ്യൻഷിപ്പ് പുരുഷ ഡബിൾസിൽ ഇന്ത്യയുടെ രങ്കിറെഡ്ഡി-ചിരാഗ് ഷെട്ടി സഖ്യവും വനിതാ സിംഗിൾസിൽ പി വി സിന്ധുവും പ്രീക്വാർട്ടറിൽ.

**India's Rangi Reddy-Chirag Shetty entered the pre-quarterfinals of the World Badminton Championship men's doubles. P V Sindhu entered the Women pre-quarter**

**&&&&&&&&&&&&&&&**

## HEADLINE 1

## PM - CHINA JAPAN- INTRO

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജപ്പാൻ, ചൈന സന്ദർശനങ്ങൾക്ക് ഇന്ന് തുടക്കമാകും. ഈ മാസം 29, 30 തീയതികളിൽ ജപ്പാൻ സന്ദർശിക്കുന്ന പ്രധാനമന്ത്രി, 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. ഇരുരാജ്യങ്ങൾക്കുമിടയിലെ തന്ത്രപ്രധാന പങ്കാളിത്തത്തെക്കുറിച്ച് ഉച്ചകോടി ചർച്ച ചെയ്യും.

ഉഭയകക്ഷിബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചകളും നേതാക്കൾക്കിടയിൽ നടക്കുമെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി അറിയിച്ചു.

(ഹോൾഡ് വോയ്സ്........)

തുടർന്ന് പ്രധാനമന്ത്രി ചൈനയിലേക്ക് യാത്ര തിരിക്കും. ടിയാൻജിനിൽ നടക്കുന്ന, ഷാങ്ഹായ് സഹകരണ സംഘടനയുടെ 25-മത് നേതൃതല ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും.

**&&&&&&&&&&&&&&**

## PM FINLAND

പ്രധാനമന്ത്രി നരേന്ദ്ര മോദി ഫിൻലാൻഡ് പ്രസിഡൻറ് അലക്സാണ്ടർ സ്റ്റബ്ബുമായി ടെലിഫോൺ സംഭാഷണം നടത്തി. യൂറോപ്യൻ യൂണിയനിലെ വിലയേറിയ പങ്കാളിയാണ് ഫിൻലാൻഡ് എന്ന് ശ്രീ മോദി സമൂഹമാധ്യമത്തിൽ പറഞ്ഞു. വ്യാപാരം, സാങ്കേതികവിദ്യ, സുസ്ഥിരത തുടങ്ങിയ മേഖലകളിൽ സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഇരു നേതാക്കളും ചർച്ച നടത്തി. യുക്രൈനിലെ സംഘർഷം സമാധാനപരമായി പരിഹരിക്കുന്നത് സംബന്ധിച്ചും ചർച്ചയായി.

**&&&&&&&&&&&&&&**

## HEADLINE 2

## KIRTI VARDHAN SINGH- INTRO

ഇന്ത്യൻ ഇറക്കുമതിക്ക് 50 ശതമാനം തീരുവ ചുമത്താനുള്ള യുഎസ് തീരുമാനം നീതികരിക്കാനാവാത്തതും, യുക്തിരഹിതവും, അന്യായവുമാണെന്ന് വിദേശകാര്യ

സഹമന്ത്രി കീർത്തി വർധൻ സിംഗ്. ന്യൂഡൽഹിയിൽ ഒരു പരിപാടിയിൽ പങ്കെടുക്കവെ ഈ വിഷയത്തെക്കുറിച്ചുള്ള മാധ്യമപ്രവർത്തകരുടെ ചോദ്യത്തിന് മറുപടി പറയുകയായിരുന്നു മന്ത്രി. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമാണെന്നും സമ്മർദ്ദങ്ങൾക്ക് രാജ്യം വഴങ്ങില്ലെന്നും കീർത്തി വർധൻ സിംഗ് വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&

## CHHATTISGARH MAOIST

ഛത്തീസ്ഗഢിലെ ബിജാപൂർ ജില്ലയിൽ 30 മാവോയിസ്റ്റുകൾ കീഴടങ്ങി. ഇവരിൽ 20 പേർക്ക് 81 ലക്ഷം രൂപ ഇനാം പ്രഖ്യാപിച്ചിരുന്നതായി പൊലീസ് സൂപ്രണ്ട് ജിതേന്ദ്ര യാദവ് അറിയിച്ചു. സർക്കാരിൻറെ പുനരധിവാസ പദ്ധതി പ്രകാരം ഇവർക്ക് 50,000 രൂപ വീതം നൽകുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&

## HEADLINE 3

## GEORGE KURIAN

മത്സ്യശക്തി പദ്ധതി കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം കോവളത്ത് നടക്കുന്ന പരിപാടിയിൽ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയവും CMFRI-യും തമ്മിൽ ധാരണാപത്രത്തിൽ ഒപ്പുവെക്കും. പ്രധാൻ മന്ത്രി വിരാസത് കാ സംവർധൻ പദ്ധതി പ്രകാരം ജില്ലയിലെ ന്യൂനപക്ഷ മത്സ്യത്തൊഴിലാളി സമൂഹത്തെ ശാക്തീകരിക്കുക എന്നതാണ് സംരംഭത്തിൻറെ ലക്ഷ്യം.

&&&&&&&&&&&&&&

## SONOWAL-AMBASSADORS ROUNDTABLE

ഇന്ത്യയുടെ സമുദ്ര മേഖല ശ്രദ്ധേയമായ വികസനം കൈവരിക്കുന്നതായി കേന്ദ്ര തുറമുഖ, ഷിപ്പിംഗ് മന്ത്രി സർബാനന്ദ സോനോവാൾ. 2025 ലെ ഇന്ത്യ മാരിടൈം വീക്കിൻറെ പ്രാഥമിക സംരംഭമായ അംബാസഡേഴ്സ് റൗണ്ട് ടേബിളിനെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. തുറമുഖ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും തീരദേശ ഷിപ്പിംഗ് മെച്ചപ്പെടുത്തുന്നതിനും അന്താരാഷ്ട്ര സഹകരണം വികസിപ്പിക്കുന്നതിനും മന്ത്രാലയം പ്രതിജ്ഞാബദ്ധമാണെന്നും ശ്രീ സോനോവാൾ പറഞ്ഞു.

&&&&&&&&&&&&&&

## MORN. US SHOOTING

യുഎസിലെ മിനിയാപൊളിസിൽ കത്തോലിക്കാ പള്ളിയിൽ നടന്ന വെടിവയ്പ്പിൽ രണ്ട് കുട്ടികൾ മരിച്ചു. 17 പേർക്ക് പരിക്കേറ്റു. കുർബാനയിൽ പങ്കെടുക്കുകയായിരുന്ന കുട്ടികൾക്കുനേരെയാണ് വെടിവയ്പുണ്ടായത്. അക്രമി പിന്നീടു ജീവനൊടുക്കിയതായി പോലീസ് പറഞ്ഞു. പരിക്കേറ്റ 17 പേരിൽ 14 പേർ കുട്ടികളാണ്. യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് ആക്രമണത്തെ അപലപിച്ചു.

&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 31 ന്

രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 125-ാം പതിപ്പാണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും നാളെ വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&

## LANDSLIDE VAISHNO DEVI

ജമ്മു കശ്മീരിലെ കത്രയിൽ, ശ്രീ മാതാ വൈഷ്ണോ ദേവി ക്ഷേത്രത്തിലേക്കുള്ള പാതയിലെ മണ്ണിടിച്ചിലിൽ ജീവഹാനി സംഭവിച്ചവരുടെ കുടുംബാംഗങ്ങളെ അനുശോചനമറിയിച്ച് രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും രാജ്യ രക്ഷാമന്ത്രി രാജ്നാഥ് സിംഗും അടക്കമുള്ള പ്രമുഖർ. ദുരിതബാധിതർക്ക് സാധ്യമായ എല്ലാ സഹായവും ഉറപ്പാക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. മരിച്ചവരുടെ ബന്ധുക്കൾക്ക് ജമ്മു കശ്മീർ ലെഫ്റ്റനൻറ് ഗവർണർ മനോജ് സിൻഹ 5 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് 50,000 രൂപ നൽകും. വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങൾ മുഖ്യമന്ത്രി ഒമർ അബ്ദുള്ള സന്ദർശിച്ചു.

&&&&&&&&&&&&&&

## IAF RESCUE MISSION

ജമ്മു- പഞ്ചാബ് മേഖലയിൽ ശക്തമായ വെള്ളപ്പൊക്കത്തിൽ രക്ഷാ പ്രവർത്തനം ഊർജിതമാക്കി വ്യോമ സേന. വെള്ളപ്പൊക്കം ദുരന്തം വിതച്ചവരുടെ സംരക്ഷണത്തിനായി ഹെലികോപ്ടറുകൾ, വിമാനങ്ങൾ ഉൾപ്പെടെയുള്ളവ സജ്ജീകരിച്ചതായി പ്രതിരോധ മന്ത്രാലയം

പ്രസ്താവനയിൽ അറിയിച്ചു. ജമ്മുവിലെ അഖ്നൂർ, പഞ്ചാബിലെ പത്താൻകോട്ട്, ദേരാ ബാബ നാനക് എന്നിവിടങ്ങളിൽ രക്ഷാ പ്രവർത്തനം നടത്തിയതായും മന്ത്രാലയം വ്യക്തമാക്കി.

**&&&&&&&&&&&&&&**

## HEADLINE 4

## LAND REGISTRY AMENDMENT-CM

ഭൂപതിവ് നിയമ ഭേദഗതി ചട്ടങ്ങൾക്ക് കേരള മന്ത്രിസഭ അംഗീകാരം നൽകിയതോടെ മലയോര ജനതയുടെ ഭൂ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാവുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ആറു പതിറ്റാണ്ടിലേറെയായി നിലനിന്ന പ്രശ്നങ്ങൾക്കാണ് ചട്ടങ്ങൾക്ക് അംഗീകാരം ലഭിച്ചതോടെ പരിഹാരമാകുന്നത്. രണ്ടു ചട്ടങ്ങളാണ് സർക്കാർ കൊണ്ടുവരുന്നത്. പതിവു ലഭിച്ച ഭൂമിയിൽ ഇതുവരെ ഉണ്ടായിട്ടുള്ള വകമാറ്റിയുള്ള വിനിയോഗം ക്രമീകരിക്കുന്നതിനുള്ള ചട്ടങ്ങൾ ആണ് ഒന്നാമത്തേത്. കൃഷിക്കും ഗൃഹനിർമ്മാണത്തിനും മറ്റുമായി പതിച്ചു നൽകിയ ഭൂമി പ്രധാനമായും ജീവനോപാധി ലക്ഷ്യമാക്കിയുള്ള മറ്റു വിനിയോഗത്തിന് അനുവദിക്കുന്നതിനുള്ള ചട്ടങ്ങളാണ് രണ്ടാമത്തേത്.

**&&&&&&&&&&&&&&**

## PMJDY-11 YEARS (INTRO)

പ്രധാൻമന്ത്രി ജൻധൻ യോജന ഇന്ന് 11 വർഷം പൂർത്തീകരിക്കുന്നു. ലോകത്തിലെ തന്നെ ഏറ്റവും വലിയ സമഗ്ര സാമ്പത്തിക പദ്ധതി 2014 ഓഗസ്റ്റ് 15ന് ചുവപ്പ്

കോട്ടയിലാണ് പ്രധാനമന്ത്രി പ്രഖ്യാപിച്ചത്. 2014 ഓഗസ്റ്റ് 28-നാണ് പദ്ധതിയ്ക്ക് തുടക്കമിട്ടത്.

**വിശദാംശങ്ങളിലേക്ക്........**
**(ഹോൾഡ് വോയ്സ്)**

## PMJDY -11YEARS - VOICE

പാവപ്പെട്ട ജനങ്ങളെ ദാരിദ്ര്യത്തിൻറെ വലയത്തിൽ നിന്ന് മോചിപ്പിക്കുന്നതിന്റെ ആഘോഷമെന്നാണ് പദ്ധതിയ്ക്ക് തുടക്കമിട്ടുകൊണ്ട് പ്രധാനമന്ത്രി വിശേഷിപ്പിച്ചത്. രാജ്യത്തെ എല്ലാ കുടുംബങ്ങൾക്കും സമഗ്രമായ സാമ്പത്തിക ഉന്നമനം, ബാങ്കിംഗ് സേവനങ്ങൾ എന്നിവ ലഭ്യമാക്കാൻ ലക്ഷ്യമിട്ടാണ് പ്രധാൻ മന്ത്രി ജൻ ധൻ യോജന ആരംഭിച്ചത്. ഓരോ കുടുംബത്തിനും കുറഞ്ഞത് ഒരു അടിസ്ഥാന ബാങ്കിംഗ് അക്കൗണ്ട് ഉറപ്പാക്കി സാമ്പത്തിക സാക്ഷരത , ആവശ്യാധിഷ്ഠിത വായ്പ, ഇൻഷുറൻസ്, പെൻഷൻ തുടങ്ങിയ സാമ്പത്തിക സേവനങ്ങൾ പദ്ധതി ഉറപ്പാക്കുന്നു. നഗര- ഗ്രാമപ്രദേശങ്ങളിൽ പദ്ധതി ലഭ്യമാണ്. ബാങ്ക് അക്കൗണ്ട് തുറക്കുന്നവർക്ക് റുപേ കാർഡ് ലഭ്യമാക്കും. ഏതൊരു ബാങ്ക് ശാഖയിലോ ബിസിനസ് കറസ്പോണ്ടൻറ് അഥവാ ബാങ്ക് മിത്ര ഔട്ട്ലെറ്റിലോ സീറോ ബാലൻസിൽ അക്കൗണ്ട് തുറക്കാം. യുഎസ്എസ്ഡി സൗകര്യം ഉപയോഗിച്ചുള്ള മൊബൈൽ ബാങ്കിംഗിനും പദ്ധതി പിന്തുണ നൽകുന്നു.

ന്യൂസ് ഡെസ്ക് ആകാശവാണി

**&&&&&&&&&&&&&&**

## HEADLINE 5

## AYYANKALI JAYANTHI

നവോത്ഥാന നായകൻ അയ്യൻകാളിയുടെ 162-ാം ജന്മദിനം പട്ടികജാതി- പട്ടിക വർഗ പിന്നാക്ക വിഭാഗ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ഇന്ന് ആഘോഷിക്കും. ഘോഷയാത്ര, പുഷ്പാർച്ചന, അനുസ്മരണ സമ്മേളനം തുടങ്ങി ഒട്ടേറെ പരിപാടികളാണ് വെള്ളയമ്പലം അയ്യൻകാളി സ്ക്വയറിൽ സംഘടിപ്പിച്ചിട്ടുള്ളത്. രാവിലെ 8.15 ന് കനകക്കുന്നിൽ നിന്ന് ഘോഷയാത്ര ആരംഭിക്കും. 8.30 ന് വെള്ളയമ്പലത്ത് അയ്യങ്കാളി പ്രതിമയിൽ പുഷ്പാർച്ചന നടത്തും. അനുസ്മരണ സമ്മേളനത്തിൽ മന്ത്രിമാരായ ഒ ആർ കേളു, വി ശിവൻകുട്ടി, ജി ആർ അനിൽ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&

## HEADLINE 6

## BADMINTON - WORLD CHAMPIONSHIPS

പാരീസിൽ നടക്കുന്ന ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പ് പുരുഷ ഡബിൾസിൽ ഇന്ത്യയുടെ രങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യവും വനിതാ സിംഗിൾസിൽ പി വി സിന്ധുവും പ്രീക്വാർട്ടറിൽ ഇടംപിടിച്ചു. ചൈനീസ് തായ്പേയ് സഖ്യത്തെയാണ് ഇന്ത്യൻ സഖ്യം പരാജയപ്പെടുത്തിയത്. പ്രീക്വാർട്ടറിൽ ഇരുവരും ചൈനീസ് സഖ്യത്തെ നേരിടും. വനിതാ സിംഗിൾസിൽ, മലേഷ്യൻ താരത്തെ വീഴ്ത്തിയാണ് പിവി സിന്ധുവിൻറെ മുന്നേറ്റം. അതേസമയം, മിക്സഡ് ഡബിൾസിൽ ധ്രുവ് കപില- തനിഷ ക്രാസ്റ്റോ സഖ്യം അയർലൻഡ് സഖ്യത്തെ പരാജയപ്പെടുത്തി പ്രീക്വാർട്ടറിൽ പ്രവേശിച്ചു.

&&&&&&&&&&&&&&

## SAAF FOOTBALL

ഭൂട്ടാനിൽ സാഫ് അണ്ടർ 17 വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ , ഭൂട്ടാനെ മറുപടിയില്ലാത്ത 5 ഗോളിന് തോൽപ്പിച്ചു . ഇന്ത്യയുടെ തുടർച്ചയായ നാലാം വിജയമാണിത്.

&&&&&&&&&&&&&&

## ELECTION COMMISSION

കേരളത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതു തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി അടുത്തമാസം രണ്ട് വരെ നീട്ടി. എല്ലാ ഹിയറിംഗുകളും ഈമാസം 29 ന് അവസാനിപ്പിക്കണമെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

&&&&&&&&&&&&&&
&&&&&&&&&
&&&